**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2948** **21.08.2017 ൽ മറുപടിയ്ക്ക്**

## "കാർഷിക രംഗത്തെ പ്രതിസന്ധി"

**ചോദ്യം**

ശ്രീ. കെ.വി.വിജയദാസ്
ശ്രീ. പി.വി. അൻവർ
ശ്രീ. കെ. ബാബു
ശ്രീ. ഡി.കെ. മുരളി

**ഉത്തരം**

ശ്രീ. വി.എസ് സുനിൽകുമാർ
(ബഹു. കൃഷി വകുപ്പ് മന്ത്രി)

(എ) കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദന ചെലവ് അടിസ്ഥാനമാക്കി ന്യായവില നിശ്ചയിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകാത്തതിനാലുണ്ടാകുന്ന പ്രതിസന്ധിയും കാർഷിക രംഗത്ത് മുതൽ മുടക്ക് കുറഞ്ഞു വരുന്നതുകൊണ്ടുണ്ടാകുന്ന മാന്ദ്യവും തരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(എ) ഉണ്ട്. കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് സഹായകമാകുന്ന വിധത്തിൽ താഴെ പ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

നെല്ലിന് ന്യായവില ഉറപ്പാക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരിച്ചു വരുന്നു. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില, കേരളത്തിലെ ഉൽപാദന ചെലവിനേക്കാൾ കുറവായതിനാൽ കിലോയ്ക്ക് 22.50 രൂപ എന്ന ഉയർന്ന വിലയ്ക്കാണ് സംസ്ഥാന സർക്കാർ നെല്ല് സംഭരിക്കുന്നത്. നാളികേരത്തിന്റെ കമ്പോള വില ഇപ്പോൾ വലിയ തോതിൽ ഉയർന്നുനിൽക്കുന്ന സാഹചര്യത്തിൽ സബ്സിഡി നൽകി നാളികേരം സംഭരിക്കേണ്ട ആവശ്യമില്ല. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം റബ്ബറിന് വിലസ്ഥിരത ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. റബ്ബറിന്റെ താങ്ങുവിലയും (കിലോയ്ക്ക് 150/- രൂപ) റബ്ബർ ബോർഡ് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകന്റെ അക്കൗണ്ടിലേക്ക് നൽകുന്നു. കൃഷി വകുപ്പിന്റെ മൊത്ത വ്യാപാര വിപണികൾ വി.എഫ്.പി.സി.കെ എന്നിവ മുഖേന പച്ചക്കറി കർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി ഉൽപന്നങ്ങൾ നേരിട്ട് ലേലം ചെയ്ത് വിൽക്കാനുള്ള സൗകര്യം ലഭ്യമാണ്. ഉത്സവ സീസണുകളിൽ കൃഷി വകുപ്പ് അനുബന്ധ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കർഷകരിൽ നിന്നും നേരിട്ട് പഴം പച്ചക്കറി ഉൽപ്പന്നങ്ങൾ ഉയർന്ന വിലനൽകി സംഭരിക്കുകയും സബ്സിഡി നിരക്കിൽ വിൽക്കുകയും ചെയ്യുന്നു. കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനസാദ്ധ്യത ഉറപ്പു വരുത്തുന്നതിനുമായി അഗ്രോ പാർക്കുകളുടെ ശൃംഘല സ്ഥാപിക്കുവാനും പദ്ധതിയുണ്ട്.

(ബി) പ്രാദേശിക പ്രത്യേകതകൾ പരിഗണിച്ച് കൃഷി സാധ്യതകൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനു ആവശ്യമായ ഇടപെടൽ നടത്താൻ കൃഷി ഭവനുകൾ വഴി സാധ്യമാകുന്നുണ്ടോ; ഇവയുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിനു പദ്ധതിയുണ്ടോ;

(ബി) ഉണ്ട്. അതാത് പ്രദേശങ്ങളിൽ ആവശ്യമായതും അനുയോജ്യമായതുമായ പദ്ധതികൾ ജനകീയാസൂത്രണ പദ്ധതിപ്രകാരം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഹരിതകേരളം പദ്ധതിയിലെ 'സുജനം സുഫലം' പ്രകാരവും അതാത് പ്രദേശങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ മുഖേന കാർഷിക അനുബന്ധ വകുപ്പുകളുടെ സംയോജിത പ്രവർത്തനത്തിലൂടെ കൃഷി ഭവനുകൾക്ക് കൂടുതൽ അവസരം ലഭിക്കുന്നതാണ്. കൃഷി ഭവനുകളെ ശാക്തീകരിക്കുന്നതിനായി അഗ്രോ സർവ്വീസ് സെന്ററുകളും, കാർഷിക കർമ്മസേനകളും സസ്യ ആരോഗ്യ ക്ലിനിക്കുകളും 'ആത്മ' കൃഷി വിജ്ഞാന വ്യാപന സംവിധാനവും പ്രവർത്തിച്ചുവരുന്നു.

(സി) കൃഷി വ്യാപ്തി വർദ്ധിപ്പിക്കുന്നതോടൊപ്പം കർഷകരുടെ ജീവിതാഭിവൃദ്ധി സാധ്യമാക്കി സുസ്ഥിര വികസനം ലക്ഷ്യമിട്ട് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ?

(സി) ഉണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന നെൽകൃഷി വികസനം, പച്ചക്കറി വികസനം, സുഗന്ധവ്യഞ്ജന വികസനം, കിഴങ്ങുവർഗ്ഗ കൃഷി വികസനം എന്നീ പദ്ധതികൾ പ്രകാരം ഈ വിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഉത്പാദനോപാധികളുടെ വിതരണം എന്ന ഘടകവും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി മണ്ണ് പരിശോധനപ്രകാരം ആവശ്യമായ മൂലകങ്ങളുടെ ശാസ്ത്രീയ ഉപയോഗത്തിനുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

2017-18 വർഷം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രാദേശിക പ്രാധാന്യമുള്ള പദ്ധതി പ്രകാരം ചെറുധാന്യങ്ങൾ, എള്ള്, കരിമ്പ് മുതലായ വിളകളുടെ സാധ്യതാ പ്രദേശത്ത് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികളുണ്ട്. കൂടാതെ പ്രത്യേക കാർഷിക മേഘല കൃഷി വികസന പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട വിളകൾക്ക് അനുയോജ്യമായ പ്രത്യേക കാർഷിക മേഖലകളിൽ സമഗ്രവികസന പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**